പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1653** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്ത്രീ സൗജന്യ യാത്രാ പദ്ധതി വിപുലീകരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ നടപ്പിലാക്കിയ പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി സ്ത്രീകൾക്ക് ഗുണകരമായ സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ കൂടുതൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഇന്ദിരാഗ്യാരണ്ടിയുടെ ഭാഗമായി സർക്കാരിൻറെ അഭിമാന പദ്ധതിയായ പ്രിയർശിനി സ്ത്രീ സൗജന്യയാത്ര പദ്ധതിയുടെ ആദ്യഘട്ടമായി പ്രായഭേദമന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും എല്ലാ ഓർഡിനറി സർവീസുകളിലും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. പദ്ധതി വിപുലീകരണം ഇപ്പോൾ പരിഗണനയിലില്ല.

**(ബി)** കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ദീർഘദൂര ബസ്സുകളിലും സ്ത്രീകൾക്ക്, പ്രത്യേകിച്ച് പ്രായമായവർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ദീർഘദൂര സർവീസുകളെ ആശ്രയിക്കുന്ന യാത്രക്കാർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കുമായി പ്രാഥമികമായി തെരഞ്ഞെടുക്കപ്പെട്ട ബസ് സ്റ്റേഷനുകളിൽ സുരക്ഷിതവും സൗകര്യപ്രദവുമായ ശുചിമുറി അടക്കമുള്ള സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ, യാത്രക്കാർക്കായി VIVO യുമായി സഹകരിച്ച് ശീതീകരിച്ച ഫാമിലി വെയിറ്റിംഗ് ഏരിയ തിരുവനന്തപുരം സെൻട്രൽ, അങ്കമാലി, കോഴിക്കോട്, പത്തനംതിട്ട, പാലക്കാട്, മലപ്പുറം എന്നീ യൂണിറ്റുകൾ കേന്ദ്രമാക്കി നടപ്പിലാക്കിയിട്ടുണ്ട്. മൂവാറ്റുപുഴ, ആലുവ, നോർത്ത് പറവൂർ എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. സ്ത്രീകൾക്കും പ്രത്യേകിച്ച് കുട്ടികളുമായി യാത്രചെയ്യുന്ന അമ്മമാർക്കും ഇത് വളരെ അധികം പ്രയോജനം ചെയ്യുന്നു. മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേകം ഫീഡിംഗ് റൂം ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ പ്രധാന ബസ് സ്റ്റേഷനുകളിലും പിങ്ക് പോലീസിൻറെ സേവനവും 24 മണിക്കൂർ ഹെൽപ്പ് ഡെസ്കും ലഭ്യമാണ്. ഇവയ്ക്ക് പുറമെ ബസ് സ്റ്റാൻഡുകളിൽ യാത്രക്കാർക്ക് കൂടുതൽ സൗകര്യവും ഏർപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും എം.എൽ.എ ഫണ്ട് ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ദീർഘദൂര ബസ്സുകളിൽ സ്ത്രീകൾക്ക് പ്രത്യേകിച്ച് പ്രായമായവർക്ക് കൂടുതൽ സൗകര്യപ്രദമായ യാത്രയ്ക്കായി ഓൺലൈൻ റിസർവേഷൻ സഹിതം മുൻകൂർ സീറ്റ് ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ദീർഘദൂര / അന്തർ സംസ്ഥാന സർവീസുകളുടെ

സമയക്രമം കൃത്യമായി മനസ്സിലാക്കുവാനും ഓൺലൈൻ ട്രാക്കിംഗിനും 'ചലോ ആപ്പ്' സംവിധാനവും നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**